## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.838 08.03.2012 ൽ മറുപടിക്ക്

## വാഹനങ്ങളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ

| ചോദ്യം<br>ശ്രീ. സി.ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.അജിത്<br>ശ്രീ.ചിറ്റയം ഗോപകുമാർ | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ മന്ത്രി |
|---|---|---|
| (എ) വാഹനങ്ങളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ: | (എ) | 2011 ജനുവരിയിൽ ടെൻഡർ വിളിച്ചെങ്കിലും സുപ്രീം കോടതിയുടെ "സ്റ്റാറ്റസ് ക്വോ" ഉത്തരവ് നിലനിൽക്കുന്നതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) ഈ നമ്പർ പ്ലേറ്റുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല നിർവ്വഹിക്കുന്ന വിഭാഗം ഏതാണെന്ന് വെളിപ്പെടുത്തുമോ: | (ബി) | ഇതു സംബന്ധിച്ച് കോൺട്രാക്റ്റ് ലഭിക്കുന്ന സ്ഥാപനത്തിനാണ് നമ്പർ പ്ലേറ്റുകൾ നിർമ്മിക്കേണ്ട ചുമതല |
| (സി) ഒരു നമ്പർ പ്ലേറ്റ് തയ്യാറാക്കി വാഹനത്തിൽ ഘടിപ്പിക്കുന്നതിന് എത്ര തുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) സംസ്ഥാനത്ത് നിലവിൽ എത്ര ലക്ഷം വാഹനങ്ങൾ ഉള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്; ഈ വാഹനങ്ങളിൽ സുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കുന്നതിന് എത്ര കാലം വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 31.3.2011 ലെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് ഏകദേശം 66.4 ലക്ഷത്തോളം വാഹനങ്ങൾ ഉള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഒരു വാഹനത്തിൽ ഇത് ഘടിപ്പിക്കുന്നതിന് 25 മുതൽ 30 മിനിട്ട് വരെ എടുക്കുമെന്നറിയുന്നു. അതിസുരക്ഷാ നമ്പർ പ്ലേറ്റ് നടപ്പിലാക്കുമ്പോൾ മാത്രമേ ഒരു ദിവസം ശരാശരി എത്ര വാഹനങ്ങളിൽ നമ്പർ പ്ലേറ്റ് ഘടിപ്പിക്കാൻ കഴിയുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ